**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1366** — **13.12.2012 - ൽ മറുപടിക്ക്**

## കെ. എസ്.റ്റി. പി. പദ്ധതി

| ചോദ്യം<br>ശ്രീ. സി. പി. മുഹമ്മദ് | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) കെ. എസ്. റ്റി. പി. പദ്ധതിയിൽ ഉൾപ്പെടുത്തിയ നിലമ്പൂർ - പെരുമ്പിലാവ് - ഹൈവേയുടെ ഭാഗമായ പെരിന്തൽമണ്ണ - പെരുമ്പിലാവ് റോഡിന് എത്ര രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ; | (എ) കെ. എസ്. റ്റി. പി. രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി പെരുമ്പിലാവ് പട്ടാമ്പി - പെരിന്തൽമണ്ണ – റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 150 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു. കൃത്യമായ തുക ഡി.പി.ആർ. പൂർത്തിയായതിന് ശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. |
| (ബി) പ്രസ്തുത പ്രവൃത്തിയിൽ പട്ടാമ്പിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പുതിയ പാലം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ഡി.പി.ആർ.പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പാലം നിർമ്മിക്കുന്ന കാര്യത്തിൽ അന്തിമമായ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |
| (സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് തുടങ്ങുവാനും എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനും സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) 2014 -ൽ റോഡു നിർമ്മാണം ആരംഭിക്കുന്നതിനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ